LIBRARY ARCHIVES Kerala Legislative Assembly

ശ്രീനാരായണ ഗുരുവിന്റെ പ്രതിമ തകർത്ത സംഭവം

66 (66) ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ആർ. ബാലകൃഷ്ണപിള്ള :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലത്ത് ഈയിടെ ശ്രീനാരായണ ഗുരുവിന്റെ പ്രതിമ തകർത്ത സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) ഗുരു പ്രതിമ തകർത്ത സംഭവം സി.ബി.ഐയെ കൊണ്ട് അന്വേഷിപ്പിക്കണമെന്ന് ആരെങ്കിലും ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ഡി) ഈ സംഭവവുമായി ബന്ധപ്പെട്ട് ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ ; ഇവർക്ക് ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുമായി ബന്ധമുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൊല്ലം എസ്.എൻ.ഡി.പി. യോഗം ആസ്ഥാനത്തെ ഗുരുദേവ പ്രതിമ തകർത്ത സംഭവത്തിൽ കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ ക്രൈം നം. 100/2000 ആയി ഒരു കേസ് രജിസ്റ്റർ ചെയ്യുകയും അന്വേഷണത്തിൽ പ്രതി എന്ന് വെളിവായ കൊല്ലം മുണ്ടയ്ക്കൽ ഉദയ മാർത്താണ്ഡപുരം ചേരിയിൽ കപ്പലണ്ടിമുക്കിൽ വാസു മകൻ രാജനെ അറസ്റ്റു ചെയ്യുകയും ചെയ്തിട്ടുണ്ട്. ടിയാനെ കൊല്ലം ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് റിമാന്റു ചെയ്തതിനെ തുടർന്ന് ജൂഡീഷ്യൽ കസ്റ്റഡിയിൽ കൊല്ലം സബ് ജയിലിൽ സൂക്ഷിച്ച് വരികയാണ്. കേസിന്റെ തുടർന്നുള്ള അന്വേഷണം ക്രൈം ബ്രാഞ്ചിന് കൈമാറുകയും കൊല്ലം ക്രൈം ബ്രാഞ്ച് ഡി.വൈ.എസ്.പി തുടർന്ന് അന്വേഷണം നടത്തിവരികയുമാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഈ സംഭവവുമായി ബന്ധപ്പെട്ട് കൊല്ലം മുണ്ടയ്ക്കൽ വില്ലേജിൽ ഉദയ മാർത്താണ്ഡപുരം ചേരിയിൽ കപ്പലണ്ടിമുക്കിൽ വാസു മകൻ രാജൻ എന്നയാളെ അറസ്റ്റു ചെയ്തിട്ടുണ്ട്. 'ടി'യാൻ കോൺഗ്രസ് (ഐ) അനുഭാവി ആണെന്നറിയുന്നു.

ശ്രീനാരായണ ഗുരുവിന്റെ പ്രതിമ തകർത്ത സംഭവം

67 (67) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ശ്രീനാരായണ ഗുരുസ്വാമികളുടെ പ്രതിമ എവിടെയെല്ലാം തകർക്കപ്പെട്ടു ;